LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

130 (1504) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നഗരകാര്യ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാരിൽ നിന്നും നിശ്ചിത ഗഡുക്കളായി അനുവദിക്കുന്ന പ്ലാൻ ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, പെർഫോർമൻസ് ഗ്രാന്റ് തുടങ്ങിയവ കൂടാതെ 2013-14 വാർഷിക പദ്ധതിയിൽപ്പെടുത്തി ആധുനിക അറവുശാലകളുടെ നിർമ്മാണത്തിന് 14.25 ലക്ഷം രൂപയും 2014-15-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി വാതക ശ്മശാനം ഏർപ്പെടുത്തുന്നതിന് 20 ലക്ഷം രൂപയും 2015-16-ൽ രാത്രികാല അഭയകേന്ദ്രം നിർമ്മിക്കുന്നതിന് 31 ലക്ഷം രൂപയും നഗരകാര്യ വകുപ്പ് മുഖേന കൽപ്പറ്റ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) 2015-16-ൽ കൽപ്പറ്റ നഗരസഭയ്ക്ക് ഈ വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള 31 ലക്ഷം രൂപ ഡി.ഡി. മുഖേന കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

പയ്യന്നൂർ നഗരസഭയിൽ അധിക തസ്തികകൾ

131 (1505) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തി ഉത്തരവായിട്ടും അധിക തസ്തികകൾ അനുവദിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?